(സി) ഇലഞ്ഞി-കൂത്താട്ടുകളം പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കിഴക്കൊത്ത്-മുത്തോലപുരം റോഡ് ടാർ ചെയ്ത് ഗതാഗത സൗകര്യം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ ന്യൂ എം.എൽ.എ. റോഡായ ആരക്കുഴമൂഴി-മാറാടി-പാറത്തട റോഡിന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണ്?

ഉത്തരം

(എ) രണ്ട് കലുങ്കുകളുടെ നിർമ്മാണം, മെറ്റലിംഗ്, ടാറിംഗ് പണികൾ ഒഴിച്ച് ബാക്കി പണികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ബാക്കി പണികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കഴിവതും വേഗം ചെയ്തു തീർക്കുന്നതാണ്.

(സി) പ്രസ്തുത റോഡിന്റെ മെറ്റലിംഗും ടാറിംഗും ഒഴികെയുള്ള പണികൾ തീർത്തിട്ടുണ്ട്. ബാക്കി പണികൾ ചെയ്തു തീർക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത റോഡിന്റെ പണിക്ക് ന്യൂ എം.എൽ.എ. റോഡ് സ്കീമിൽ അനുവദനീയമായ 25 ലക്ഷം രൂപയുടെ പണി ചെയ്തു തീർത്തിട്ടുണ്ട്. ബാക്കി പണികൾ ചീഫ് എഞ്ചിനീയറുടെ (എൽ.എസ്) കണക്കിൽപ്പെടുത്തി ചെയ്തു വരുന്നു.

**61 (3232) പാലങ്ങളുടെ നിർമ്മാണം**

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എം. ദാസൻ :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൻകിട-ഇടത്തരം പാലങ്ങളുടെ നിർമ്മാണത്തിനായി സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇപ്പോൾ ഏതെല്ലാം പാലങ്ങളുടെ നിർമ്മാണമാണ് നടന്നുകൊണ്ടിരിക്കുന്നത്;

(ഡി) ഇവയുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ;

(ഇ) നബാർഡ് സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മരാമത്ത് പണികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(എഫ്) എത്ര പാലങ്ങളുടെ പണിയാണ് ഏറ്റെടുത്തിട്ടുള്ളത്; ഇവയുടെ നിർമ്മാണത്തിനായി എന്ത് തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി) ഉണ്ട്. നബാർഡിന്റെ സഹായത്തോടെ പാലങ്ങളുടെ പണികളും ഏറ്റെടുത്തു നടത്തി വരുന്നു. കൂടാതെ റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ വഴി പണികൾ ഏറ്റെടുത്ത് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി)&(ഡി) അനുബന്ധത്തിൽ കൊടുത്തിരിക്കുന്നു.† ഇവയുടെ പണി എന്നത്തേയ്ക്ക് പൂർത്തിയാവുമെന്ന് കൃത്യമായി പറയാനാവില്ല.

(ഇ) 2000-2001-ാമാണ്ടോടെ പൂർത്തീകരിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(എഫ്) നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് 97 പാലങ്ങളുടെ പണിയാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇവയ്ക്ക് 14,808.20 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

**62 (3233) പാലങ്ങൾ പുതുക്കിപ്പണിയാൻ നടപടി**

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അൻപത് വർഷത്തിലേറെ കാലപ്പഴക്കമുള്ളതും ബലക്ഷയമുള്ളതുമായ ചേർപ്പ് നിയോജകമണ്ഡലത്തിലെ കരുവന്നൂർ പാലം, പഴുവിൻപാലം, കാരാഞ്ചിറ പാലം എന്നിവ പുതുക്കി പണിയുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പാലങ്ങളിലൂടെ വാഹനങ്ങൾ പോകുന്നതിന് എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ചാലക്കുടി പാലത്തിലൂടെ ഗതാഗതം നിയന്ത്രിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത പാലങ്ങളിലൂടെയുള്ള ഗതാഗതം വർദ്ധിക്കാൻ ഇടയുള്ളതിനാൽ പാലങ്ങൾക്ക് കൂടുതൽ സുരക്ഷിതത്വം നൽകാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) പ്രസ്തുത നിയോജകമണ്ഡലത്തിലെ കാരാഞ്ചിപാലം, പഴുവിൻ പാലം എന്നിവയെ ബലക്ഷയം സംഭവിച്ച പാലങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി ആലുവ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ പരിശോധിച്ചുവരുന്നു. കരുവന്നൂർ പാലത്തിന് തൽക്കാലം തകരാറൊന്നും ഇല്ല.

(ബി) ഇതുവരെ നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയട്ടില്ല.

(സി) ചാലക്കുടി പാലത്തിലൂടെ ഗതാഗതം നിയന്ത്രിച്ചിട്ടുള്ള സാഹചര്യത്തിൽ, പ്രസ്തുത പാലത്തിൽ കൂടെ വാഹനങ്ങളുടെ വേഗത കുറച്ച് ഓടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

6. മൂലൻകാവ് ഒട്ടപ്പാലം വല്ലുവാടി റോഡ്
7. കാരക്കണ്ടി വടക്കനാട് വള്ളുവാടി റോഡ്
8. കല്ലൂർ നസിക്കൊല്ലി റോഡ്
9. വണ്ടിക്കടവ് - കാപ്പിസെറ്റ് - പുല്പള്ളി - പക്കം-പയ്യംപള്ളി-മാനന്തവാടി റോഡ്.
10. കണിയാരം പിലാക്കാവ് - തൃശ്ശിലേരി റോഡ്
11. പനമരം നീർവാരം പയ്യംപള്ളി കാർട്ടിക്കുളം എം.എൽ.എ. റോഡ് (0/0 to 7500 m.
12. പനമരം നീർവാരം പയ്യംപള്ളി കാർട്ടിക്കുളം എം.എൽ.എ. റോഡ് (0/0 Km 7/500 to 23/434)
13. ഒണ്ടയങ്ങടി-തൃശ്ശിലേരി റോഡ്
14. ചെന്നലോട് - മുണ്ടക്കുറ്റി കെല്ലൂർ റോഡ്
15. ചെന്നലോട് - ഒട്ടുപ്പാറ റോഡ്
16. വെള്ളമുണ്ട - വാരംപെറ്റ റോഡ്
17. പിണങ്ങോട് - കുമ്പളക്കാട് റോഡ്
18. കമ്പളക്കാട് - വെണ്ണിയോട് റോഡ്
19. [illegible] മേപ്പാടി റോഡ്
20. കീഴാറ്റണി - കുമ്പളക്കാട് റോഡ്

## അനുബന്ധം - VII

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം 61 (3225) കാണുക**

### NATIONAL HIGHWAYS WING

### M.O.S.T. Works

1. Construction of Akkulam Bridges in combined byepass of Trivandrum and Neyyattinkara.
2. Arappuzha Bridge.
3. Moothakunnam Bridge.
4. Murihapuzha Bridge.
5. Neelithodu Bridge
6. NH 47 A Link road Bridges.
7. Varapuzha Bridge.

### CRF Works

1. Aroor Arukutty Bridge.
2. Gothuruth Bridge.
3. Naranam thodu in Erumeli-Chalakkayam

### STATE PLAN WORKS

1. Aramavila Bridge.

നിരത്തുകളും പാലങ്ങളും വിഭാഗം

LIBRARY ARCHIVES Kerala Legislative Assembly

1. ഓണക്കൂർ
2. പെരുവാമൂഴി
3. കുനിയിൻക്കടവ്
4. നെല്ലിയാടിക്കടവ്
5. തമ്പലമണ്ണ
6. പുത്തൻകണ്ടത്തിൽ
7. ഇടവഴിക്കടവ്
8. പട്ടള
9. പാറക്കടവ്
10. പേരൂർച്ചാൽ
11. തോവാളത്തോട്
12. കരിമ്പുഴ
13. പൈങ്കുളം
14. തച്ചപ്പള്ളി
15. ഉപ്പുങ്കൽക്കടവ്
16. ആങ്കടത്ത്കടവ്
17. തർക്കന്നൂർ ആറാട്ടുപുഴക്കടവ്
18. കൂടൽക്കടവ് പനമരം
19. കൂടൽക്കടവ് മാനന്തവാടി
20. മുണ്ടേരിക്കടവ്
21. മുണ്ടോത്ത്
22. അണേലക്കടവ്
23. ചുള്ളിമട
24. ചേലക്കടവ്
25. ചിറ്റാർ സീതത്തോട്
26. ചൂലക്കടവ്
27. തൊളിക്കോട്
28. അറവലക്കുഴിപ്പാലം
29. പഞ്ഞിപ്പാലം
30. വെങ്ങല്ലൂർപ്പാലം
31. മാഞ്ഞാലിപ്പാലം
32. വാരപീടിക മഞ്ജുളാപുരം റോഡിലെ 3 ചെറിയ പാലങ്ങൾ
33. കാളിക്കയം പാലം
34. കുമൻതോട് വള്ളിത്തോട് റോഡിൽ 2 ചെറിയ പാലങ്ങൾ
35. ചെറ്റപ്പാലം
36. കോട്ടത്തുരുത്തിപ്പാലം
37. ആവിപ്പാലം

LIBRARY ARCHIVES Kerala Legislative Assembly

38. ഉടുമ്പപ്പാലം
39. അഗസ്ത്യൻമുഴിപ്പാലം
40. കടലുണ്ടിക്കടവിനുകുറുകെ പാലം
41. കുഴിപ്രംകടവ് പാലം
42. നെല്ലിപ്പുഴപ്പാലം
43. എട്ടൂർകുതുകപ്പാറ റോഡ്
44. നായിക്കാലിപ്പാലം
45. ഹെർബർട്ട് പാലം
46. യാക്കരപ്പാലം
47. കാളിക്കാവ് പാലം
48. വട്ടവിള പിരായ്മുട്
49. വെള്ളുമണ്ണ
50. മൂന്നാറ്റുമുക്ക്
51. വലിയപെരുമ്പുഴക്കടവ്
52. കൊച്ചിൻ പാലം
53. തപ്പുഴക്കടവ്.

## അനുബന്ധം - VIII

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം 83 (3260) കാണുക**

**അഡ്വൈസറി കമ്മിറ്റി അംഗങ്ങൾ**

(1) നാഷണൽ കൗൺസിൽ ഓഫ് സയൻസ് മ്യൂസിയംസിന്റെ (കൽക്കട്ട) ഡയറക്ടർ ജനറൽ, ശ്രീ. എ.കെ. മുഖർജി.

(2) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗിന്റെ ഡയറക്ടർ ശ്രീ. ജി. വിജയരാഘവൻ.

(3) കൊച്ചിയിലെ ഗാർഡിയൻ കൺട്രോൾഡ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറായ ശ്രീ. പി.കെ. കോശി.

(4) ശ്രീ. ചിത്തിര തിരുനാൾ ഇൻസ്റ്റിട്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജിയിലെ ബയോമെഡിക്കൽ എൻജിനീയറായ ശ്രീ കോരുത് പി. വർഗ്ഗീസ്.

(5) സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം ഡയറക്ടർ.

## അനുബന്ധം - IX

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം 181 (3215) കാണുക**

**പ്രൊഫഷണൽ കോളേജുകളിലേക്കുള്ള പ്രവേശനം**

1. എൻജിനീയറിംഗ് കോഴ്സുകൾ (പ്രവേശന പരീക്ഷാ കമ്മീഷണർ മുഖാന്തിരം)

(എ) ഫ്രീ സീറ്റുകളുടെ എണ്ണം : 4034

LIBRARY ARCHIVES Kerala Legislative Assembly